## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 'ഓപ്പറേഷൻ ടു ടയർ' വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറായിരുന്ന ശ്രീ. ജി.പത്മകുമാറിനെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

### തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധാ) നം. 2519/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 26.09.2014

=====================================================================

പരാമർശം:-
(1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.07.2012 തീയതിയിലെ E14(SC03/12/KSD)17942/2012 നമ്പർ കത്ത്.
(2) 06.06.2013 തീയതിയിലെ 59129/ഇയു1/12/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
(3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ.ജി. പത്മകുമാറിന്റെ 23.07.2013 തീയതിയിലെ പ്രതിവാദ പത്രിക.
(4) കോഴിക്കോട് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ 29.11.2013-ലെ സി 3204/13 നമ്പർ കത്ത്.
(5) നഗരകാര്യ ഡയറക്ടറുടെ 22.02.2014 തീയതിയിലെ വി2-11298/13 നമ്പർ കത്ത്.

### ഉത്തരവ്

"ഓപ്പറേഷൻ ടു ടയർ" എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ വിജിലൻസ് മിന്നൽ പരിശോധനകളുടെ ഭാഗമായി 27.02.2012 തീയതിയിൽ ബ്യൂറോയുടെ കാസർഗോഡ് യൂണിറ്റ് കാസറഗോഡ് നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

1. ബിൽഡിംഗ്സ് ടാക്സ് സംബന്ധമായ അപ്പീൽ പെറ്റീഷനുകളിൽ ഹിയറിംഗ് നടത്തി പ്രത്യേക മാനദണ്ഡങ്ങളില്ലാതെ ടാക്സ് കുറവ് വരുത്തി, ഹിയറിംഗിനുള്ള കമ്മിറ്റിയിൽ സർക്കാർ ഉദ്യോഗസ്ഥർ ഇല്ലായിരുന്നു.
2. ബിൽഡിംഗ്സ് പെർമിറ്റ് ഫീ ഈടാക്കുകയോ ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തില്ല.
3. പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ് എന്നിവയുടെ പിരിച്ചെടുക്കൽ പരിതാപകരമാണ്.

4. വിജിലൻസ് ബോർഡ് പ്രദർശിപ്പിച്ചിരുന്നില്ല.
5. പുതിയ ബസ് സ്റ്റാന്റിലുള്ള മുനിസിപ്പൽ ബിൽഡിംഗിൽ അനധികൃതമായ ഭേദഗതികൾ വരുത്തിയതായി കാണപ്പെട്ടു.
6. ലാന്റ് മാർക്ക് കൊമേഴ്സ്യൽ കോംപ്ലക്സുകൾക്ക് NH -ന്റെ NOC ലഭ്യമാക്കാതെ കെട്ടിട നമ്പർ അനുവദിച്ചു നൽകി.
7. ലാന്റ് മാർക്ക് കോംപ്ലക്സിലെ പാർക്കിംഗ് ഏരിയ അടച്ചിട്ട് ആയത് കച്ചവട ആവശ്യത്തിനായി വിനിയോഗിച്ചു.

വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലെ മേൽനോട്ടക്കുറവിന് നഗരസഭാ സെക്രട്ടറി ശ്രീ.ജി. പത്മകുമാറിന് അച്ചടക്ക നടപടിയുടെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ജി. പത്മകുമാർ പരാമർശം (3) പ്രകാരം പത്രിക സമർപ്പിച്ചിരുന്നു.

ഈ വിഷയത്തിൽ കോഴിക്കോട് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ 22.11.2013-ൽ നേരിൽ പരിശോധന നടത്തി പരാമർശം (4) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, ശ്രീ.ജി. പത്മകുമാറിന്റെ മറുപടി തൃപ്തികരമാണെന്നും ടിയാനെതിരായ ആരോപണങ്ങൾ സംശയാതീതമായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജി.പത്മകുമാറിനെതിരായുള്ള ആരോപണത്തിന്മേലുള്ള വിശദീകരണം സ്വീകരിച്ച് നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപ്പീൽ പരിഗണിച്ച് ടാക്സ് കുറയ്ക്കുന്നതിനുള്ള അധികാരം ഫിനാൻസ് കമ്മിറ്റിക്കായതിനാൽ ശ്രീ. പത്മകുമാറിനെതിരായ ഒന്നാമത്തെ ആരോപണം നിലനിൽക്കുന്നില്ല. ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ രജിസ്റ്റർ പരിശോധിച്ച് ആയത് അനുവദിക്കുന്നത് മുനിസിപ്പൽ എഞ്ചിനീയർ ആയതിനാൽ രണ്ടാമത്തെ ക്രമക്കേടിനും ഉത്തരവാദിയല്ല. കണക്കുകൾ പ്രകാരം വസ്തു നികുതി ഇനത്തിൽ 95.88% ഉം തൊഴിൽ നികുതി ഇനത്തിൽ 99% പിരിവ് നടന്നിട്ടുള്ളതായി റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നികുതി പിരിവ് പരിതാപകരമാണെന്ന 3-ാമത്തെ ആരോപണവും നിലനിൽക്കത്തക്കതല്ല. പെയിന്റിംഗ് ജോലികൾ നടക്കുന്നതിനാൽ വിജിലൻസ് ബോർഡ് താൽക്കാലികമായി അഴിച്ചുമാറ്റിയതെന്ന സെക്രട്ടറിയുടെ വിശദീകരണവും അംഗീകരിക്കാ വുന്നതാണ്. മുനിസിപ്പൽ ബിൽഡിംഗിലെ

അനധികൃത ഭേദഗതി നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചിട്ടുണ്ട്. ലാന്റ്മാർക്ക് കൊമേഴ്സ്യൽ കോംപ്ലക്സിന് NH-ന്റെ NOC വാങ്ങാതെ നമ്പർ നൽകിയത് ടിയാൻ ചാർജ്ജെടുക്കുന്നതിന് 4 വർഷത്തോളം മുമ്പായതിനാൽ ടി ക്രമക്കേടിനും ടിയാനെ കുറ്റക്കാരനായി കാണാനാവില്ല. ലാന്റ്മാർക്ക് കോംപ്ലക്സുകളിലെ പാർക്കിംഗ് ഏരിയ അടച്ചിട്ടത് സംബന്ധിച്ച് ബന്ധപ്പെട്ട കീഴ് ഉദ്യോഗസ്ഥർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാലും ഇക്കാര്യത്തിൽ പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാലും ടി കുറ്റം നിരവധി ഔദ്യോഗിക ചുമതലകൾ വഹിക്കേണ്ട നഗരസഭാ സെക്രട്ടറിയുടെ മേൽ ആരോപിക്കാനാവില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. പത്മകുമാറിനെതിരായ ആരോപണങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ വെളിവാകാത്തതിനാലും, ഇക്കാര്യത്തിൽ ടിയാനെ നടപടികളിൽ നിന്നും ഒഴിവാക്കാമെന്ന നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ചും ഈ വിഷയത്തിൽ കുറ്റാരോപിതനായ മുൻ കാസറഗോഡ് നഗരസഭാ സെക്രട്ടറി ശ്രീ. ജി.പത്മകുമാറിനെ (നിലവിൽ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം നഗരസഭ) ടിയാനെതിരെയുള്ള ആരോപണങ്ങളിൽ നിന്നും ഒഴിവാക്കി നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്.വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ. വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കാസറഗോഡ് നഗരസഭ
ശ്രീ. ജി. പത്മകുമാർ, അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**